കയർ വ്യവസായം.

*32. MR. MANKUZHI M. MADHAVAN : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവാണിജ്യങ്ങളുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

രണ്ടര ലക്ഷത്തോളം തൊഴിലാളികൾക്ക് പ്രവൃത്തിയും ഉദ്ദേശം പത്തുലക്ഷത്തോളം ജനങ്ങൾക്ക് ഉപജീവനമാർഗ്ഗവും നൽകുന്ന കയർ വ്യവസായം അധഃപതിച്ച് അപകട നിലയിൽ ആയിട്ടുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഉണ്ട്.

MR. MANKUZHI M. MADHAVAN : അതിന്റെ കാരണമെന്താണെന്ന് ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അതിന്റെ കാരണങ്ങളെപ്പറ്റി അന്വേഷിച്ചുവരുകയാണ്.

MR. K. P. NILAKANTA PILLAI : കയർ കയറ്റി അയക്കുന്നതിൽ കച്ചവടക്കാർ കപടം കാണിക്കുന്നതുകൊണ്ടാണ് വില ഇടിയുന്നതെന്ന് ഗവണ്മെൻറ് വിശ്വസിക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : പല കാരണങ്ങളിൽ ഒന്ന് അതാണെന്ന് ഗവണ്മെൻറിനറിയാം.

MR. K. P. NILAKANTA PILLAI : കയർ കയറ്റി അയയ്ക്കുന്ന വിഷയത്തിൽ അതിന്റെ കച്ചവടം മോശപ്പെട്ടുപോകാതിരിക്കുവാൻവേണ്ടി ഗവണ്മെൻറ് എന്തെങ്കിലും നിയന്ത്രണം വേണമെന്ന് വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഗവണ്മെൻറിനും ആ അഭിപ്രായമുണ്ട്. ഇതു സംബന്ധിച്ച് ഇപ്പോൾ ഒരു ഉദ്യോഗസ്ഥനെ തന്നെ നിയമിച്ചിട്ടുണ്ട്. ഇതിനെപ്പറ്റിയുള്ള ഡേറ്റാ ശേഖരിച്ച് ഒരു യൂണിഫാമിറ്റിയും സ്റ്റാൻഡർഡും വരുത്തുന്നതു് അത്യാവശ്യമാണെന്നു ഗവണ്മെൻറിന് ബോദ്ധ്യം വന്നതിനാൽ അതിലേയ്ക്ക് ഒരു പ്രത്യേക ഉദ്യോഗസ്ഥനെ ഗവണ്മെൻറ് നിയമിക്കുകയും തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ച് വേണ്ട ഡേറ്റാ അദ്ദേഹം ശേഖരിച്ചുവരുകയും ചെയ്യുന്നു. കച്ചവടത്തെ സംബന്ധിച്ച് ഒരു ക്രമീകരണം ഉണ്ടായിരിക്കണമെന്നാണ് ഗവണ്മെൻറിന്റേയും ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

MR. ABDUL MAJEED : തൊണ്ടി യുടെ വില കുറഞ്ഞതുകൊണ്ടും അതേ സമയത്തു് തേങ്ങയുടെ വില കൂടിയതുകൊണ്ടുമാണോ ഇന്നു കയർവ്യവസായം ഇത്ര അധഃപതിച്ചിരിക്കുന്നതെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : കയർവ്യവസായം ഇപ്പോൾ അധഃപതിച്ചിരിക്കുകയാണെന്നു് ഗവണ്മെൻറിനറിയാം. എന്നാൽ ഇപ്പറഞ്ഞതാണു് അതിൻെറ കാരണമെന്നു് ഗവണ്മെൻറു ധരിച്ചിട്ടില്ല.

MR. P. S. MUHAMMED : വിദേശങ്ങളിലേക്കു് കയർ കയറ്റുമതി ചെയ്യുന്നതു് മിക്കവാറും ഇവിടത്തെ യൂറോപ്യൻ കമ്പനികളാണെന്നുള്ള കാര്യം ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : കയർവ്യവസായത്തിൻെറ സിംഹഭാഗവും അവർതന്നെയാണു് നടത്തുന്നതെന്നു് ഗവണ്മെൻറിനറിയാം. ഇവിടത്തെ വ്യവസായത്തിനു് ഉണ്ടായിട്ടുള്ള സാരമായ മാന്ദ്യവും വിദേശങ്ങളിൽ കയറുകൊക്കു് ഉണ്ടായിട്ടുള്ള വിലക്കുറവും നിമിത്തം ഈ വ്യവസായത്തിനു തിരുവിതാംകൂറിൽ പ്രതീക്ഷിക്കുന്ന തരത്തിലുള്ള മാർക്കറ്റുവില കിട്ടുന്നില്ല. വ്യവസായത്തെ പരിപുഷ്ടിപ്പെടുത്തേണ്ടതു് അത്യന്താപേക്ഷിതമാണെന്നു് ഗവണ്മെൻറു കരുതുന്നു. ഇതിലേക്കു ഇൻഡ്യാ ഗവണ്മെൻറിൻെറ മനഃപൂർവ്വമായ സഹകരണം നമുക്കു് അത്യാവശ്യമായിട്ടുള്ളതാണു്. ഇൻഡ്യാഗവണ്മെൻറിൻെറ സഹായം കൂടാതെ നമുക്കു് അന്യരാജ്യങ്ങളിൽ മാർക്കറ്റു കിട്ടുന്നതിനു് സാധിക്കയില്ല.

MR. WILSON PETER : കയറുവ്യവസായത്തെ സംബന്ധിച്ചു് ഒരു കയർ സർവ്വെ നടത്തിയിട്ടുള്ളതു് പൂർത്തിയായിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനു അറിഞ്ഞുകൂടേ?

HON'BLE MR. T. K. NARAYANA PILLAI : കയർ സർവ്വെ ഉണ്ടെങ്കിലും കയർ സർവ്വെ പൂർത്തിയായിട്ടില്ലെന്നാണു് ഗവണ്മെൻറിൻെറ ധാരണ.

MR. T. A ABDULLA : കയർ സർവ്വേക്കു് വേണ്ടി നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥനു് അതിനെപ്പറ്റി വല്ല പരിജ്ഞാനവും ഉണ്ടോ എന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : അതു സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനു് മതിയായ പരിചയവും പാടവവും ആ ഉദ്യോഗസ്ഥനുണ്ടെന്നാണു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly